

WEDNESDAY 26-01-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 26/01/2022

1. കാസറഗോഡ് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നാളെ (ജനുവരി 27-ന്) നടത്താനിരുന്ന ഫാം ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനത്തിനായുള്ള ഇന്റർവ്യൂ ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതായിരിക്കുമെന്നും അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0467 2260632** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയത്ത് ബന്ധപ്പെടുക.

2. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

3. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഫെബ്രുവരി 9 വരെ നീട്ടി. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇമെയിലായോ അറിയിക്കാവുന്നതാണ്.

4. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലക്കു കീഴിൽ പൂക്കോട് പ്രവർത്തിച്ചു വരുന്ന മൃഗചികിത്സാ പഠന സമുച്ചയത്തിൽ കർഷകമിത്ര മെഡിക്കൽ സ്റ്റോർ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മൃഗചികിത്സക്കാവശ്യമായ എല്ലാവിധ മരുന്നുകളും, അനുബന്ധവസ്തുക്കളും മിതമായനിരക്കിൽ ലഭ്യമാക്കുക എന്നലക്ഷ്യത്തോടെയാണ് മെഡിക്കൽ സ്റ്റോർ ആരംഭിച്ചിരിക്കുന്നത്. ആശുപത്രി പ്രവർത്തന സമയങ്ങളിൽ മെഡിക്കൽ സ്റ്റോർ സേവനം ലഭ്യമായിരിക്കും.

5. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേര്യമംഗലം ഡി.എസ്.പി ഫാമിൽ വിവിധ ഇനം തെങ്ങിൻതൈകൾ വിൽപ്പനയ്ക്കു ലഭ്യമാണ്. തെങ്ങിൻതൈകൾ ആവശ്യമുള്ള കർഷകർ **0485-2554240** എന്ന ഫാം ഓഫീസ് നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ബന്ധപ്പെടുക.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ പുൽകൃഷി വികസനത്തിനായി നിലം ഒരുക്കി നൽകുന്നതിന് മണ്ണുമാന്തിയന്ത്രത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. മുദ്രവച്ച ടെണ്ടറുകൾ **നാളെ (ജനുവരി 27-ന്) 11 മണിക്ക് മുമ്പായി അസിസ്റ്റന്റ് ഡയറക്ടർ, ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ** എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **7907144318** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. ആറളം ഫാമിലെ 6, 8 ബ്ലോക്കുകളിൽ കൃഷി ചെയ്തിട്ടുള്ള മഞ്ഞളിൽ ഒരു ഭാഗം കുർക്കുമിൻ അളവിന്റെ അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സാമ്പിൾ പരിശോധിച്ച് ഉയർന്ന വില വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവർക്ക് മഞ്ഞൾ സംസ്കരിച്ച് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496045386, 9496045384** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഈ മാസം 28-ന് (ജനുവരി 28) രാവിലെ 11 മണി മുതൽ **കന്നുകാലികളിലെ വന്ധ്യത-അറിവും പ്രതിരോധവും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർക്ക് 28-ന് രാവിലെ 10.30 വരെ ഫോൺ മുഖേനയും **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും

മേൽവിലാസവും അയച്ചു നൽകിയും പരിശീലനത്തിനായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്. കൂടുതൽ വിവരങ്ങൾക്ക് **0476-2698550, 8075028868** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28-ന് (28/01/22) രാവിലെ 10.മുതൽ 1.00 മണി വരെ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ വാട്സ്ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9188522711** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 1 മുതൽ 3 വരെ **ക്ഷീര കർഷകരുകട വരുമാന വർദ്ധനവിന് നൂതന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുളളവർ ഈ മാസം 28-ന് (ജനുവരി 28) മുമ്പായി **0479-2449268, 2959268, 9447790268** എന്നീ ഫോൺ നമ്പുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് പരിശീലനം നൽകുന്നത്.

12. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 27 മുതൽ 29 വരെ **കന്നുകാലികളുടെ പ്രത്യുൽപ്പാദന പരിപാലനം വരുമാന വർദ്ധനവിനു അനിവാര്യ ചുവടുവെയ്പ്** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0494-2686329, 0494-2687640** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം